**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 13** **16-09-2025 - ൽ മറുപടിയ്ക്ക്**

**മുണ്ടക്കൈ ചൂരൽമല ദുരന്ത പുനഃരധിവാസ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ എം രാജഗോപാലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുണ്ടക്കൈ, ചൂരൽമല പ്രകൃതിദുരന്തത്തെ കേന്ദ്ര സർക്കാർ ദേശീയ ദുരന്തമായി പ്രഖ്യാപിക്കുന്നതിനായി സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിൽ സംഭവിച്ച ഉരുൾപൊട്ടൽ ദുരന്തം 'അതിതീവ്ര ദുരന്തം' ആയി പ്രഖ്യാപിക്കണമെന്നും ദേശീയ ദുരന്തമായി വിജ്ഞാപനം ചെയ്യണമെന്നും ആവശ്യപ്പെട്ട് 06.08.2024 നും 10.08.2024 നും ബഹു. പ്രധാനമന്ത്രിക്ക് കത്തയച്ചിരുന്നു. |
| (ബി) | മുണ്ടക്കൈ, ചൂരൽമല ദുരന്തബാധിതരുടെ പുനഃരധിവാസത്തിനായി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ചൂരൽമല, മുണ്ടക്കൈ ദുരന്തബാധിതരുടെ പുനരധിവാസത്തിനായി വൈത്തിരി താലൂക്ക്, കൽപ്പറ്റ വില്ലേജ് ബ്ലോക്ക് 19 റീസർവ്വെ 88/1ൽ പ്പെട്ട 64.4705 ഹെക്ടർ ഭൂമി ദുരന്ത നിവാരണ നിയമ പ്രകാരം ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ ടൗൺഷിപ്പിന്റെ ഭാഗമായി 410 വീടുകളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ഓരോ ഹൗസ് പ്ലോട്ടിനും 7 സെന്റ് ഭൂമി ഉണ്ടായിരിക്കുന്നതാണ്. പ്രകൃതി ദുരന്തങ്ങളെ പ്രതിരോധിക്കുന്ന രീതിയിലാണ് വീടുകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. ടൗൺഷിപ്പിൽ നിർമ്മിക്കുന്ന വീടുകളുടെ സവിശേഷതകൾ ചുവടെ ചേർക്കുന്നു.<br><br>• വയനാട് ചൂരൽമല പുനരധിവാസ പദ്ധതികളുടെ ഭാഗമായി നിർമ്മിക്കുന്ന ആകെ വീടുകളുടെ എണ്ണം - 410<br>• ഒരു വീടിന്റെ വിസ്തീർണ്ണം 1000 സ്ക്വയർ ഫീറ്റ്<br>• ഒരു വീട്ടിൽ ഒരുക്കിയിരിക്കുന്ന സൗകര്യങ്ങൾ രണ്ട് കിടപ്പുമുറികൾ, ഒരു സിറ്റൗട്ട്, ഒരു ഡ്രോയിങ് കം ഡൈനിങ് ഹാൾ, ഒരു പഠനസ്ഥലം, ഒരു അടുക്കള, ഒരു വർക്ക് ഏരിയ, രണ്ട് കുളിമുറി (ഒന്ന് അറ്റാച്ച്ഡ്), ടെറസ് ഏരിയയിലേക്ക് പ്രവേശിക്കാൻ ഒരു ബാഹ്യ ഗോവണിയും നൽകിയിട്ടുണ്ട്.<br>• വീടിന്റെ അടിത്തറ ഒരു അധികനിലയുടെ കൂടി നിർമ്മാണത്തിനായി ഉപകാരപ്പെടുന്ന വിധത്തിൽ രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | ഇത് കൂടാതെ പ്രസ്തുത ടൗൺഷിപ്പിൽ താഴെ പറയുന്ന പൊതു സൗകര്യങ്ങളും ഉണ്ടായിരിക്കുന്നതാണ്.<br>• ജലവിതരണം<br>• മലിനജല സംസ്കരണ സംവിധാനം.<br>• വൈദ്യുതി<br>• റോഡ് തുടങ്ങിയ പൊതു സേവനങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br><br><u>പൊതുസൗകര്യങ്ങൾ താഴെ പറയുന്നു</u><br>• മാർക്കറ്റ്<br>• കമ്മ്യൂണിറ്റി സെൻറർ കം ഡിസാസ്റ്റർ റിലീഫ് ഷെൽട്ടർ<br>• അംഗൻവാടി<br>• പ്രാഥമിക ആരോഗ്യ കേന്ദ്രം<br>• പൊതു ടോയിലറ്റുകൾ<br>• സെവൻസ് ഫുട്ബോൾ ഗ്രൗണ്ട്<br>• ഓപ്പൺ എയർ തിയേറ്റർ<br>• സ്മാരകം മറ്റു വിനോദസൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്നു |
| (സി) | വയനാട് ടൗൺഷിപ്പുമായി ബന്ധപ്പെട്ട് രൂപീകരിച്ച വയനാട് പുനർനിർമ്മാണ സമിതിയുടെ ഘടനയും ചുമതലകളും എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (സി) | വയനാട് ടൗൺഷിപ്പുമായി ബന്ധപ്പെട്ട് 01.04.2025 ലെ സ.ഉ(സാധാ)നം.199/2025/ഡി.എം.ഡി പ്രകാരം രൂപീകരിച്ച വയനാട് പുനരധിവാസ കമ്മിറ്റിയുടെ ഘടനയും ചുമതലകളും ചുവടെ ചേർക്കുന്നു. |

| മുഖ്യമന്ത്രി | അദ്ധ്യക്ഷന് |
|---|---|
| 1. റവന്യൂ വകുപ്പ് മന്ത്രി<br>2. കൃഷി വകുപ്പ് മന്ത്രി<br>3. ധനകാര്യ വകുപ്പ് മന്ത്രി<br>4. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി<br>5. പൊതുമരാമത്ത് വകുപ്പ് മന്ത്രി<br>6. ജലവിഭവ വകുപ്പ് മന്ത്രി<br>7. ഊർജ്ജ വകുപ്പ് മന്ത്രി<br>8. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി | അംഗങ്ങൾ |
| 1. ചീഫ് സെക്രട്ടറി<br>2. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് | അംഗങ്ങൾ |

| | |
|---|---|
| 3. അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്<br><br>4. അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ്<br><br>5. അഡീഷണൽ ചീഫ് സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പ്<br><br>6. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്<br><br>7. പ്രിൻസിപ്പൽ സെക്രട്ടറി, ദുരന്തനിവാരണ വകുപ്പ്<br><br>8. സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്<br><br>9. കമ്മീഷണർ, ദുരന്ത നിവാരണം<br><br>10. ജില്ലാകളക്ടർ,വയനാട് | |
| സ്പെഷ്യൽ ഓഫീസർ | കൺവീനർ |

**കടമകളും ഉത്തരവാദിത്തങ്ങളും**

1.അംഗീകൃത ടൗൺഷിപ്പിലെ മാറ്റങ്ങൾ/പരിഷ്കാരങ്ങൾ സംബന്ധിച്ച നയപരമായ തീരുമാനങ്ങൾ സർക്കാരിന് വേണ്ടി എടുക്കുക.

2. കരാർ ഒപ്പിടുന്നതിന് മുമ്പേ പദ്ധതിയുടെ സമയപരിധിയും അന്തിമ സാമ്പത്തിക ചെലവും അംഗീകരിക്കുക.

3. ഗുണഭോക്താക്കൾക്ക് വീടുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് വയനാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെയും സർക്കാരിന്റെയും അനുമതി നൽകുക.

4. സ.ഉ(കൈ)നം.02/2025/ഡിഎംഡി തീയതി 15.01.2025 ഖണ്ഡിക 13 (3) പ്രകാരം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഏകോപന സമിതി പുനരധിവാസ കമ്മിറ്റിക്ക് റഫർ ചെയ്യുന്ന അജണ്ടയിൽ തീരുമാനമെടുക്കുക.

5. ടൗൺഷിപ്പുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന ഏതെങ്കിലും കാര്യങ്ങളോ അനുബന്ധ ആവശ്യങ്ങളോ കമ്മിറ്റി അംഗങ്ങൾ ഉന്നയിക്കുന്നുവെങ്കിൽ ചെയർപേഴ്സന്റെ അംഗീകാരത്തോടെ അവ പരിഹരിക്കുക.

6. 3 മാസത്തിലൊരിക്കൽ അല്ലെങ്കിൽ പ്രധാനപ്പെട്ട അജണ്ട ഉയർന്നു വരുമ്പോൾ കമ്മിറ്റി യോഗം ചേരാം.

| | | | |
|---|---|---|---|
| | | | 7. കൺവീനർ അജണ്ട തയ്യാറാക്കി അധ്യക്ഷന്റെ അംഗീകാരത്തോടെ കമ്മിറ്റിക്ക് മുന്നിൽ അവതരിപ്പിക്കും.<br><br>8. അധ്യക്ഷന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക്, കൺവീനർ യോഗത്തിന്റെ മിനിറ്റ്സ് തയ്യാറാക്കി നൽകും. |
| (ഡി) | പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ കേന്ദ്രസർക്കാർ പുലർത്തുന്ന സമീപനത്തെ സംബന്ധിച്ച് കേരള ഹൈക്കോടതി നടത്തിയിട്ടുള്ള പരാമർശങ്ങൾ എന്തെല്ലാമാണ്; കോടതിയുടെ ഇടപെടലിനെ തുടർന്ന് കേന്ദ്ര സർക്കാരിൽ നിന്നും അനുഭാവപൂർവ്വമായ സഹകരണം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ദുരന്തബാധിതർക്കുള്ള വായ്പ എഴുതിത്തള്ളൽ സംബന്ധിച്ച് കേന്ദ്ര സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികളെക്കുറിച്ച് കേരള ഹൈക്കോടതി ചുവടെ പറയുന്ന പരാമർശങ്ങൾ നടത്തുകയുണ്ടായി.<br><br>2025 ലെ ദുരന്തനിവാരണ നിയമത്തിലെ ഭേദഗതി കാരണം 12 ഉം 13 ഉം വകുപ്പുകൾ ഒഴിവാക്കിയിട്ടുണ്ടെന്ന് ബഹു. കോടതി ചൂണ്ടിക്കാട്ടി. അതിനാൽ, വായ്പ എഴുതിത്തള്ളാൻ ഉത്തരവിടാൻ എൻഡിഎംഎയ്ക്ക് ഇനി നിയമപരമായ അധികാരമില്ല. എന്നിരുന്നാലും, ഭരണഘടനയുടെ ആർട്ടിക്കിൾ 73 പ്രകാരം അത്തരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിന് ഇപ്പോഴും ഉണ്ടെന്നും വായ്പ എഴുതിത്തള്ളൽ സംബന്ധിച്ച് ഇതുവരെ അന്തിമ തീരുമാനമെടുത്തിട്ടില്ലെന്നും കോടതി നിരീക്ഷിച്ചിട്ടുണ്ട്.<br><br>വയനാട് ദുരന്തബാധിതരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് ബാങ്കുകൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനെക്കുറിച്ച് അടിയന്തിരമായി നിലപാട് അറിയിക്കാൻ കോടതി കേന്ദ്ര സർക്കാരിനോട് നിർദ്ദേശിച്ചു. NDMA-യെയും കേന്ദ്ര സർക്കാരിനെയും അവരുടെ ഭരണഘടനാ ഉത്തരവാദിത്തത്തെക്കുറിച്ച് ഓർമ്മിപ്പിക്കുകയും കൃത്യവും സമയബന്ധിതവുമായ നടപടികൾക്ക് ആഹ്വാനം ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br>കോടതിയുടെ ഇടപെടലിനെ തുടർന്ന് 07/08/2025ൽ നടന്ന Sub- Committee of National Executive Committee (SC-NEC) യോഗത്തിൽ **സംസ്ഥാനത്തിന്റെ** PDNA report ചർച്ച ചെയ്യുകയും സംസ്ഥാന സർക്കാരിന് 260.65 കോടി രൂപയുടെ ധനസഹായം അനുവദിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിക്കുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ